## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 973 11.03.2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗ അനാഥ കുട്ടികളുടെ സംരക്ഷണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനാഥ കുട്ടികളെ സംരക്ഷിക്കാൻ പട്ടികജാതി വകുപ്പിന് പ്രത്യേക പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രത്യേക പദ്ധതികളൊന്നും തന്നെ നിലവിലില്ല. |
| (ബി) | ഇത്തരം ഒരു പദ്ധതി ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ് |
| (സി) | അനാഥ കുട്ടികളുടെ ജീവിതം, വിദ്യാഭ്യാസം, സുരക്ഷ, ഭാവി എന്നിവയെ സംബന്ധിച്ച് ആവശ്യമുയർത്താൻ നിലവിൽ വകുപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ സാമൂഹ്യ നീതി വകുപ്പുമായി ബന്ധപ്പെട്ട് ഈ വകുപ്പിന് നടപടികൾ സ്വീകരിക്കുവാൻ കഴിയും. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയിലും, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും പ്രവേശനം നൽകി, പഠന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തുന്നതിന് വകുപ്പിന് സാധിക്കും. |
| (ഡി) | ഇത്തരം പ്രശ്നങ്ങളിൽ നടപടി ആവശ്യപ്പെട്ട് വകുപ്പിന് കീഴിലെ ഓഫീസുകളിൽ നിന്ന് റിപ്പോർട്ടുകളോ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുള്ള കത്തുകളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ